ശ്രീ. കെ. സി. എബ്രഹാം : രണ്ടും മൂന്നും പദ്ധതി കഴിഞ്ഞിട്ടും പറവൂരും വൈപ്പിൻകരയിലും ശുദ്ധജലവിതരണംനടത്താൻ ഈ ഗവണ്മെൻറിനു യാതൊരു പരിപാടിയും ആലോചനയിൽ ഇല്ലെന്നാണോ മന്ത്രി പറഞ്ഞതിന്റെ അർത്ഥം ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ആലോചനയിൽ ഇല്ലെന്നല്ല ഞാൻ പറഞ്ഞത്. ആ പ്രദേശങ്ങൾക്കുകൂടി ജലം നൽകാൻ എത്രമാത്രം എക്സസ് വരുമെന്നു പരിശോധിച്ചതിനുശേഷം എക്സസ് വരുമെന്നുകാണുകയാണെങ്കിൽ ഗവണ്മെൻറു ആ കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. എം. കൃഷ്ണൻ : വടകര ശുദ്ധജലവിതരണ പദ്ധതിക്ക് 15 ലക്ഷം രൂപ നീക്കിവച്ചിരുന്നു. മാഹിപുഴയിൽനിന്നു വെള്ളം സംഭരിച്ച് ശുദ്ധജല വിതരണം നടത്തുന്നതിനാണ് ഈ പദ്ധതിതയ്യാറാക്കിയിട്ടുള്ളത്. അതിന്റെ പ്രവർത്തനം ഇതുവരെയായി ആരംഭിച്ചിട്ടില്ല. എത്രയുംവേഗം ആ പദ്ധതി ആരംഭിക്കുന്നതിനു വേണ്ട നിർദ്ദേശം നൽകാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : വടകര ശുദ്ധജലപദ്ധതിയുടെ പ്രവർത്തനം നടക്കുന്നുണ്ട്. അതു ഏതു ഘട്ടത്തിലാണ് ഇപ്പോൾ ഇരിക്കുന്നതെന്നു പറയണമെങ്കിൽ അതിനു പ്രത്യേകമായി ചോദിക്കണം.

കുഷ്ഠരോഗികൾ

* 452. [8] ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ രാജ്യത്തെ കുഷ്ഠരോഗികളുടെ സംഖ്യ എത്ര യാണെന്നു കണക്കെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) ഈ രോഗികളിൽ എത്രയാളുകളെ ആശുപത്രികളിൽ താമസിപ്പിച്ചു ചികിത്സിക്കുന്നതിനു സാധിക്കും ;

(സി) ഇതു് സമ്പർക്കംകൊണ്ടു പകരുന്ന രോഗമായതിനാൽ ഇവർ ഉത്സവസ്ഥലങ്ങളിൽ ക്യാമ്പടിച്ചു ഭിക്ഷതേടാതിരിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുമോ ;

(ഡി) അലഞ്ഞുതിരിയുന്ന രോഗികളും മിക്കവാറും രാത്രിതാവളമാക്കി പിഞ്ചുകുഞ്ഞുങ്ങളും പഠിക്കുന്ന വിദ്യാലയങ്ങളുടെ വരാന്തയിൽ മലമൂത്രവിസർജ്ജനം ചെയ്തു് ആ സ്ഥലങ്ങളും മുഴുവൻ രോഗബീജങ്ങളും സംക്രമിപ്പിക്കുന്നതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ അതു തടയുന്നതിനുള്ള നടപടി അടിയന്തിരമായി ഗവണ്മെൻറു് സ്വീകരിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) സംസ്ഥാനത്തു് 70,000—ത്തോളം കുഷ്ഠരോഗികൾ ഉണ്ടായിരിക്കുമെന്നു് കണക്കാക്കപ്പെടുന്നു.

(ബി) 2,214 പേരെ.

(സി) പലരും ഭയപ്പെടുന്നതുപോലെ അത്ര പെട്ടെന്നു് പകരുന്ന രോഗമല്ലിതു്. ഭിക്ഷാടനം നിരോധിക്കുന്നതിൽകൂടി മാത്രമേ അവർ ഭിക്ഷതേടുന്നതിനെ തടയാൻകഴിയുകയുള്ളു.

(ഡി) ഇല്ല.

(ഈ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. ആൻറണി : കുഷ്ഠരോഗികളെ ചികിത്സിക്കുന്നതിനു വേണ്ടി സ്വകാര്യ ഉടമകളും നടത്തുന്ന ചില സ്ഥാപനങ്ങൾക്കു് വല്ല സഹായവും ചെയ്തുകൊടുക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : ചില സ്ഥാപനങ്ങൾക്കു് സഹായം ചെയ്തുകൊടുക്കുന്നുണ്ടു്. ഏതടിസ്ഥാനത്തിലാണെന്നു് ഇപ്പോൾ പ്രത്യേകമായിട്ടു് പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. എസ്സു്. കൃഷ്ണപിള്ള : അലഞ്ഞുതിരിഞ്ഞു നടക്കുന്ന കുഷ്ഠരോഗികളും പള്ളിക്കൂടങ്ങളുടെ വരാന്തകളിലും മറ്റും കിടന്നു് മലമൂത്രവിസർജ്ജനം ചെയ്യുന്നുണ്ടു്. രോഗികളുടെ മലമൂത്രത്തിൽനിന്നാണു് ഈ രോഗം പകരുന്നതെന്നു് വൈദ്യശാസ്ത്രത്തിൽ പറയുന്നുണ്ടു്. ഇങ്ങനെ കുഷ്ഠരോഗികളും പള്ളിക്കൂടങ്ങളുടെ വരാന്തകളിലുംമറ്റുംകിടന്നു് മലമൂത്രവിസർജ്ജനം ചെയ്തുകഴിഞ്ഞാൽ പള്ളിക്കൂടങ്ങളിലെ കുട്ടികൾക്കു് പകരുന്നതിനു് ഇടയുണ്ടു്. ഇതിനു് എന്തു പ്രതിവിധിയാണു് ഗവണ്മെൻറു് എടുക്കാൻ ഉദ്ദേശിക്കുന്നതു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനു മറുപടിയായിട്ടാണു് ഞാൻ ഉത്തരത്തിൽ പറഞ്ഞതു്. എല്ലാ സ്ഥലങ്ങളിലും കിടക്കുന്നു എന്നു പറയുന്നതു് ശരിയല്ല. അതിനുവേണ്ടി ഭിക്ഷാടനം പൊതുവായിട്ടു് നിരോധിക്കുകയും അവർക്കു് മറ്റു സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും ചെയ്യുകയല്ലാതെ ഇതു് അത്ര പെട്ടെന്നു് പരിഹരിക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ : കൊരട്ടി കുഷ്ഠരോഗാശുപത്രിയിലെ ഡാക്ടർക്കു് അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി കഴിഞ്ഞിട്ടും നിയമനം നീട്ടിക്കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണമെന്താണു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കൊടുത്തിട്ടുണ്ടെന്നാണു് ഓർമ്മ. അതു കൊരട്ടിയിലെ ഡാക്ടർക്കുമാത്രമല്ല മിക്കവാറും ഇപ്പോഴത്തെ റൂളനുസരിച്ചു സാധാരണ മറ്റു ഡിപ്പാർട്ടുമെൻറുകളിലൊക്കെ 55 പെൻഷൻവയസ്സായിരിക്കുമ്പോൾ ഹെൽത്തു സർവ്വീസിൽ ഡാക്ടർമാർ കുറവായതുകൊണ്ടു് സാധാരണഗതിയിൽ 62 വയസ്സുവരെ റീ അപ്പോയിൻറുമെൻറു് ചെയ്യുന്നുണ്ടു്. ചില കേസ്സുകളിൽ 65 വയസ്സുവരെ കൊടുക്കുന്നുണ്ടു്. അതു സ്വാഭാവികമായിട്ടു് എല്ലാവർക്കും കൊടുക്കുന്നുണ്ടു്.

ശ്രീ. സി. അച്യുതമേനോൻ : ഈ കൊരട്ടിയിലെ ഡാക്ടറെ സംബന്ധിച്ചു് ആശുപത്രിയിലെ രോഗികളിൽനിന്നു് പരാതി കിട്ടിയിട്ടുണ്ടോ ; ശരിയായി ഭക്ഷണം കൊടുക്കുന്നില്ലെന്നുംമറ്റും പറഞ്ഞു് ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ടോ ; അതേപ്പറ്റി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ ഒരു പരാതി എന്റെ കയ്യിൽ കിട്ടിയിട്ടുണ്ടു്. അതനുസരിച്ചു് വിവരങ്ങൾ ശരിയായി മനസ്സിലാക്കുന്നതിനുവേണ്ടി ഞാൻതന്നെ നേരിട്ടു് അവിടെച്ചെന്നു് അന്വേഷിക്കുകയുണ്ടായി. മിക്കവാറും അവിടെയുള്ള രോഗികൾ ആ ഡാക്ടറെത്തന്നെ അവിടെ വച്ചുകൊണ്ടിരിക്കണമെന്നു് എന്നോടു് നേരിട്ടു പറയുകയുണ്ടായി.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : മുഖം, കൈയ്, മറ്റു ശരീരഭാഗങ്ങൾ മുതലായവ നശിച്ചിട്ടുള്ള ആളുകൾ ഇന്നും സാധാരണയായിട്ടു് പട്ടണത്തിൽ ജീവിക്കുന്നുണ്ടു്. ഇങ്ങനെയുള്ള ആളുകളെ പിടിച്ചു് പൂവർ ഹോം പോലെയോ, ബഗർഹോം പോലെയോ ഉള്ള സ്ഥാപനങ്ങൾ ഉണ്ടാക്കി അവരെ ചികിത്സിപ്പിക്കാൻ എന്തെങ്കിലും ചെയ്യാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോൾ അതിനുവേണ്ടി പ്രത്യേക പദ്ധതിയൊന്നുമില്ല. കുഷ്ഠരോഗികൾ അലഞ്ഞുതിരിഞ്ഞു നടക്കുകയാണെങ്കിൽ അവരെ മാറ്റേണ്ടതുണ്ടു്. കഴിയുന്നതൊക്കെ മാറ്റാൻ പരിശ്രമിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : കണ്ണൂർ ജില്ലയിൽ വളപട്ടണത്തു് ഒരു കുഷ്ഠരോഗ ഡിസ്പെൻസറി മാത്രമാണുള്ളതു്. ആ ഡിസ്പെൻസറികൊണ്ടു് ഔട്ടു്പേഷ്യൻസിനു് സംരക്ഷണം നൽകാൻ സാധിക്കുന്നില്ല. അതുകൊണ്ടു് ഇതൊരു ഹോസ്പിറ്റലായി ഉയർത്തുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പൂർണ്ണവിവരം തരുകയാണെങ്കിൽ അന്വേഷിച്ചു് പരിഹാരം കാണാം.

ശ്രീ. സി. എം. കുട്ടി : ഇപ്പോഴും ചില ആശുപത്രികളിലും ഡിസ്പെൻസറികളിലും ഓരോ ലെപ്രസി വിസിറ്ററെ നിയമിച്ചതായി കാണുന്നുണ്ടു് അവർ വീടുകളിൽ ചെന്നാൽ പലപ്പോഴും സ്ത്രീകളും പൂർണ്ണവിവരങ്ങളും നൽകാൻ കൂട്ടാക്കുന്നില്ല. അതുകൊണ്ടു് ഇതിനുവേണ്ടി സ്ത്രീകളെ ലെപ്രസി വിസിറ്റർമാരായി നിയമിക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതേപ്പറ്റി ആലോചിക്കാം.

ശ്രീ. പി. ചാക്കോ : ഓരോ താലൂക്കു് ഹെഡ്കാർട്ടേഴ്സാശുപത്രിയോടനുബന്ധിച്ചും ലെപ്രസി പ്രവർത്തനം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ : ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഇപ്പോഴും അതു് എവിടെയെങ്കിലും തുടങ്ങിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോഴും അങ്ങനെ തുടങ്ങിയിട്ടുള്ളതായി തോന്നുന്നില്ല.

ശ്രീ. ടി. ഓ. ബാവ : പുത്തൻകുരിശു് കുഷ്ഠരോഗാശുപത്രിയിലുള്ള 200—ഓളം രോഗികൾക്കു് ന്യായവിലയ്ക്കു് അരി കൊടുക്കണമെന്നുള്ള അവരുടെ അപേക്ഷയിൻമേൽ സർക്കാർ യാതൊരു നടപടിയും എടുക്കാതിരിക്കുന്നതിനു് കാരണമെന്തു് ; അവർക്കു് ന്യായവിലയ്ക്കു് അരി ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ക്ഷേമവകുപ്പുമന്ത്രി പറയേണ്ടതാണു്.

ശ്രീ. ഈ. പി. പൗലോസു് : ഒരു കട അവിടെ അനുവദിക്കാം.

മി. സ്പീക്കർ : ഫെബ്രുവരി 18—ാം തീയതി 9—ാമത്തെ ചോദ്യത്തിനു് ഉത്തരം പറഞ്ഞു. അതുകൊണ്ടു് അടുത്ത ചോദ്യത്തിനു് ഉത്തരം പറയാം.

റൂറൽ ഏരിയായിലെ വാട്ടർ സപ്ലൈ സ്കീമുകൾ.

* 453. [10] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ ഏരിയായിലെ വാട്ടർ സപ്ലൈ സ്കീമുകൾക്കു് എത്ര തുക ഈ സാമ്പത്തികവർഷം നീക്കിവച്ചിട്ടുണ്ടു് ;

(ബി) ഈ വർഷം ഏതെല്ലാം റൂറൽ ഏരിയായിൽ വാട്ടർസപ്ലൈ സ്കീംസു് അനുവദിച്ചിട്ടുണ്ടു് ;

(സി) അതിനു് ചെലവായ തുക എത്ര ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 10,46,800 രൂപ.

(ബി) (1) പരവൂർ
(2) പുനലൂർ
(3) പത്തനംതിട്ട
(4) വലിയഴീക്കൽ
(5) വടക്കാഞ്ചേരി
(6) വെള്ളാങ്ങല്ലൂർ
(7) മലപ്പുറം
(8) മേപ്പയ്യൂർ

എന്നീ സ്ഥലങ്ങളിൽ വാട്ടർസപ്ലൈസ്കീംസു് അനുവദിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly